# സംഗീതം

കെ ആർ നാരായണൻ നമ്പൂതിരി

നാദസ്വരൂപിണി വാക്‌ദേവതയുടെ
താളശ്രുതിലയ സമ്മേളിതമാം
നടന ചുവടിൽ പാദസരത്തിൻ നിസ്വനമായി,
ലാസ്യ വിലാസിത ഭാവതലത്തിൻ
തരളിത ഹൃദയ മനോരഥമേറി,
മാനസ മാസ്മര വിസ്മയമായി
ഒഴുകും സംഗീതാമൃതധാര

ആനന്ദാമൃത ലഹരിയിൽ മുങ്ങി
പ്രപഞ്ച താളലയശ്രുതി മീട്ടി
കാറ്റിൽ മഞ്ഞിൽ മഴയിൽ പുഴയിൽ
കുയിലിൻ പാട്ടിൽ വെൺനുരചിന്നും തിരയിൽ
മാമലമുകളിൽ മൌനത്തിൽ
നിർമ്മല നിരുപമ നിർവ്വാണ സുഖം
നാദബ്രഹ്മലയം സംഗീതം

Website: http://karanattu.wordpress.com
© K R Narayanan Namboothiri
Licensed under:
Creative Commons Attribution-Noncommercial-No Derivative Works 2.5 India License.